UNIVERSITY OF KERALA

# കേരള സർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **217/2026** തീയതി : **15/10/2026**

## പത്രക്കുറിപ്പ്

### നാലുവർഷബിരുദവിദ്യാർത്ഥികൾക്കായി പെയ്ഡ് അപ്രന്റീസ്ഷിപ്പ് നടപ്പിലാക്കാനൊരുങ്ങി കേരള സർവകലാശാല

തിരുവനന്തപുരം: ബിരുദ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനവും തൊഴിൽമേഖലയിലെ നേരിട്ടുള്ള അനുഭവപരിചയവും ലഭ്യമാക്കുന്നതിനായി പെയ്ഡ് അപ്രന്റീസ്ഷിപ്പ് നടപ്പിലാക്കാനൊരുങ്ങി കേരള സർവകലാശാല. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന ബോർഡ് ഓഫ് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് (സതേൺ റീജിയൺ) BOAT(SR)മായി സഹകരിച്ചാണ് നാഷണൽ അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് സ്കീം (NATS) നടപ്പിലാക്കുന്നത്.

ഉന്നതവിദ്യാഭ്യാസവും തൊഴിൽമേഖലയും തമ്മിലുള്ള വിടവ് നികത്തുന്നതിനും വ്യവസായ-അക്കാദമിക സഹകരണം ശക്തിപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്ക് തൊഴിൽപരിചയവും കൂടുതൽ തൊഴിൽ സാധ്യതകളും ഉറപ്പാക്കുന്നതിനുമുള്ള ഈ സംരംഭത്തിലൂടെ കേരളത്തിൽ നാലുവർഷ ബിരുദവിദ്യാർത്ഥികൾക്കായി NATS പെയ്ഡ് അപ്രന്റീസ്ഷിപ്പ് പദ്ധതി നടപ്പിലാക്കുന്ന ആദ്യ സർവകലാശാലയായി മാറുകയാണ് കേരള സർവകലാശാല.

നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ (FYUGP) ആറാം സെമസ്റ്ററിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ആറുമാസത്തെ അപ്രന്റീസ്ഷിപ്പ് ആരംഭിക്കുന്നത്. പ്രാരംഭഘട്ടത്തിൽ സർവകലാശാല പഠനവകുപ്പുകളിൽ പദ്ധതി നടപ്പിലാക്കാനും തുടർന്ന് സർവകലാശാലയ്ക്ക് കീഴിലുള്ള എല്ലാ അഫിലിയേറ്റഡ് കോളേജുകളിലേക്കും വ്യാപിപ്പിക്കാനുമാണ് ലക്ഷ്യം.

ബി.എ., ബി.എസ്സി., ബി.കോം., എഞ്ചിനീയറിംഗ് കോഴ്സുകൾ പഠിക്കുന്നവർക്ക് NATS ഓൺലൈൻ പോർട്ടലിലൂടെ രാജ്യത്തുടനീളമുള്ള വിവിധ കമ്പനികൾ, വ്യവസായ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയിലെ അപ്രന്റീസ്ഷിപ്പ് അവസരങ്ങൾ ലഭ്യമാകും. കേരളത്തിനുള്ളിൽ ജില്ലാടിസ്ഥാനത്തിലുള്ള മുൻഗണനകൾ അനുസരിച്ച് അനുയോജ്യമായ സ്ഥാപനങ്ങൾ കണ്ടെത്തുന്നതിനും ഇതുവഴി അവസരമുണ്ടാകും.

അപ്രന്റീസുകൾക്ക് പ്രതിമാസ സ്റ്റൈപ്പൻഡ് ലഭ്യമാകുമെന്നത് പദ്ധതിയുടെ പ്രധാന ആകർഷണമാണ്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ബിരുദധാരികളായ അപ്രന്റീസുകൾക്ക് പ്രതിമാസം 12,300/- രൂപയും ഡിപ്ലോമ അപ്രന്റീസുകൾക്ക് 10,900/- രൂപയും വൊക്കേഷണൽ ബിരുദ അപ്രന്റീസുകൾക്ക് 9,600/- രൂപയുമാണ് സ്റ്റൈപ്പൻഡ്. ബാധകമായ NATS മാർഗനിർദേശങ്ങൾക്കും യോഗ്യതാ വ്യവസ്ഥകൾക്കും വിധേയമായി സ്റ്റൈപ്പൻഡിന്റെ 50 ശതമാനം പരിശീലനം നൽകുന്ന സ്ഥാപനം വഹിക്കുകയും ബാക്കി 50 ശതമാനം കേന്ദ്രസർക്കാർ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) മുഖേന നൽകുകയും ചെയ്യും.

പഠനത്തോടൊപ്പം തൊഴിൽമേഖലയിലെ പ്രായോഗിക പരിജ്ഞാനം, തൊഴിൽ നൈപുണ്യം, പ്രൊഫഷണൽ അനുഭവസമ്പത്ത് എന്നിവ നേടാൻ ഈ പദ്ധതി വിദ്യാർത്ഥികളെ സഹായിക്കും.

ദേശീയ വിദ്യാഭ്യാസ നയം (NEP 2020) മുന്നോട്ടുവയ്ക്കുന്ന അനുഭവാധിഷ്ഠിത പഠനം, നൈപുണ്യവികസനം, തൊഴിൽസജ്ജത എന്നിവയുടെ ലക്ഷ്യങ്ങൾക്കും നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ സമീപനത്തിനും ഈ സംരംഭം പിന്തുണയേകും.

അക്കാദമിക് കൗൺസിലിന്റെ അംഗീകാരം ലഭിക്കുകയും മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും ചെയ്യുന്നതോടെ BOAT (SR) ഉം സർവകലാശാലയും ധാരണാപത്രത്തിൽ (MoU) ഒപ്പുവയ്ക്കും.


**വന്ദന മോഹൻദാസ്**

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:**ku.release@keralauniversity.ac.in